4. ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കൽ

ഡോ. ടി. എം. തോമസ് ഐസക് : സർ, കയർ വ്യവസായത്തെ തകർച്ചയിൽനിന്നും കരകയറ്റുന്നതിനുവേണ്ടി അടിയന്തരമായി ചില നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിൽ കയർ ഫെഡിൽ നിന്നുള്ള കടിശ്ശിക മുഴുവൻ കൊടുത്തുതീർത്തത് വളരെ അഭിനന്ദനാർഹമായ കാര്യമാണ്. പക്ഷെ അതു പോരാ. നാല് കാര്യങ്ങൾകൂടി അടിയന്തരമായി ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. ഒന്നാമത്തേത്, വില നിർണ്ണയ കമ്മിറ്റി ചേർന്ന് ഓരോ പ്രദേശത്തുനിന്നും എത്ര രൂപയ്ക്കാണ് സംഭരിക്കേണ്ടത് എന്ന് തീർപ്പുകൽപ്പിച്ചാലേ ഇനി ഉൽപ്പാദിപ്പിക്കുന്നതിന്റെ സംഭരണം നടക്കുകയുള്ളൂ. അത് ഇതുവരെ ഉണ്ടായിട്ടില്ല. രണ്ടാമത്തേത്, ഇപ്പോൾ തൊണ്ട് സംഭരണം സംബന്ധിച്ച് ഇറക്കിയിട്ടുള്ള സമഗ്രമായ ഒരുത്തരവിലെ കാര്യങ്ങൾ നടപ്പാക്കുന്നില്ല. ആ ഉത്തരവു പ്രകാരം ഒരു പ്രോജക്ട് സെൽ വേണം. ആ പ്രോജക്ട് സെൽ കയർ ഡയറക്ടറേറ്റിൽ വർക്ക് ചെയ്യുന്നില്ലെന്നതാണ് അതിന്റെ കാരണം. അതില്ലാത്തതുകൊണ്ട് സംഭരിച്ച തൊണ്ടിന്റെ വില ലഭ്യമാകുന്നില്ല. മൂന്നാമത്തേത്, നമ്മുടെ സംഘങ്ങൾക്കുനേരെ വരുന്ന ജപ്തി നടപടികൾക്ക് താൽക്കാലികമായി തടയിട്ടില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. നാലാമത്തേത്, ഇപ്പോൾ ആലപ്പുഴ മെഷീൻ ഫാക്ടറിയിലെ തൊണ്ട് തല്ല് മെഷീനുകൾ സാമാന്യം തൃപ്തികരമാണ്. അത് എത്രയും പെട്ടെന്ന് പ്രത്യേകിച്ച് മലബാർ ഭാഗത്ത് പറവൂർ, കൊടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കിയിട്ടില്ല എന്ന പരാമർശം അങ്ങ് എഴുതിത്തന്ന നോട്ടീസിൽ ഉണ്ടായിരുന്നെങ്കിലും അങ്ങിവിടെ അക്കാര്യം സൂചിപ്പിച്ചില്ല. അങ്ങനെ ഒരു സമീപനമെടുത്തതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. കയർ മേഖലയിലെ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി 4-4-2015-ൽ ഞാൻ നടത്തിയ ചർച്ചയിൽ എടുത്ത ചില തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, കയർ സംഭരിച്ചതിൽ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള മുഴുവൻ തുകയും (6.5 കോടി രൂപ) നിർദ്ദിഷ്ട തീയതിക്കുള്ളിൽ നൽകുകയും സ്റ്റോക്കുള്ള കയർ സംഭരിക്കുകയും വില നിർണ്ണയ കമ്മിറ്റി യോഗം കൂടി തീരുമാനമെടുക്കുകയും ചെയ്യും. വിലനിർണ്ണയ കമ്മിറ്റി യോഗം ചേർന്നില്ലായെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. വില നിർണ്ണയ കമ്മിറ്റി യോഗം കൂടി തീരുമാനങ്ങളെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങ് ഒരിക്കൽകൂടി അതിനെക്കുറിച്ച് അന്വേഷിക്കണം. ഓരോ പ്രദേശത്തെയും ഉല്പാദന ചെലവ് കണക്കിലെടുത്ത് വിലനിർണ്ണയം നടത്തിയിട്ടില്ല. അതുകൊണ്ടാണ് സംഭരണം ഇപ്പോൾ നടക്കാത്തത്.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാനിത് പറഞ്ഞതിനുശേഷം ബാക്കി പറയാം. കടാശ്വാസ പദ്ധതിയിൻകീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെറുകിട ഉല്പാദക സംഘങ്ങൾക്കും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും ആവശ്യമായ കയർ, കയർഫെഡ് കയർപിരി സംഘങ്ങളിൽ നിന്ന് സംഭരിച്ച് നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കയർ സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും പെൻഷൻപദ്ധതിയും നടപ്പാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്.

ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും എന്ന ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രോജക്ട് സെൽ, ചകിരി വില നിർണ്ണയ കമ്മിറ്റി എന്നിവ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് വിതരണം ചെയ്യാൻ താൽപ്പര്യമുള്ള ഏജൻസികളുടെ പേര് കയർ പ്രോജക്ട് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് പദ്ധതി നടപ്പിലാക്കാൻ എല്ലാ പ്രോജക്ട് ഓഫീസർമാർക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ സംസ്ഥാന തലത്തിലുള്ള പ്രോജക്ട് സെല്ലിന്റെ രൂപീകരണമുണ്ടാക്കാൻ കഴിയും. മാധ്യമങ്ങളിൽ പരസ്യംകൊടുത്ത് ആളുകളെ വിളിക്കണമെന്ന കാലതാമസം മാത്രമാണ് ബാക്കി നിൽക്കുന്നത്. പ്രോജക്ട് സെൽ വരുന്ന 15-ാം തീയതിക്കുമുൻപുതന്നെ രൂപീകരിക്കുന്നതാണ്. എങ്കിൽപ്പോലും പ്രോജക്ട് ഓഫീസുകളിൽ തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഇതിനോടകംതന്നെ ഒരുക്കിയിട്ടുണ്ട്. സംഘങ്ങൾക്കുനേരെ ജപ്തി നടപടികൾ ഉണ്ടാകുന്നുവെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. സംഘങ്ങൾക്കുനേരെ ഉണ്ടായിട്ടുള്ള ജപ്തി നടപടികളുമായി ബന്ധപ്പെട്ട് നമ്മളൊരു മൊറട്ടോറിയം കൊടുത്തു. പക്ഷെ അങ്ങനെയുണ്ടായ ജപ്തി നടപടികളെക്കുറിച്ചെല്ലാം അങ്ങേയ്ക്ക് വ്യക്തമായി അറിയാവുന്നതാണ്. കയർ ബോർഡുമായി